# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


**വാർത്താക്കുറിപ്പ്**

**2023 ജൂൺ 12**

---

## എം.ജി, കണ്ണൂർ സർവകലാശാലകളുടെ ജോയിന്റ് മാസ്റ്റേഴ്സ് പ്രോഗ്രാം; 20 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയും കണ്ണൂർ സർവകലാശാലയും സംയുക്തമായി നടത്തുന്ന ജോയിന്റ് മാസ്റ്റേഴ്സ് പ്രോഗ്രാമിലേക്ക് ജൂൺ 20 വരെ അപേക്ഷിക്കാം. എം.എസ്സി ഫിസിക്സ്(നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി), എം.എസ്സി കെമിസ്ട്രി(നാനോ സയൻസ് ആന്റ് നാനോടെക്നോളജി) എന്നിവയാണ് കോഴ്സുകൾ.

എം.ജി. സർവകലാശാലയിലെ സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയും കണ്ണൂർ സർവകലാശാലയിലെ ഫിസിക്സ്, കെമിസ്ട്രി വകുപ്പുകളും ചേർന്നാണ് കോഴ്സുകൾ ഏകോപിപ്പിക്കുന്നത്. വിദ്യാർഥികൾക്ക് രണ്ടു സർവകലാശാലകളിലെയും സൗകര്യങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്താൻ കഴിയും വിധത്തിലാണ് സിലബസ് ക്രമീകരിച്ചിരിക്കുന്നത്. ഏതെങ്കിലും ഒരു സർവകലാശാല പേരന്റ് ഇൻസ്റ്റിറ്റ്യൂഷനായി തിരഞ്ഞെടുക്കാം.

പഠന കാലത്ത് വ്യവസായ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പിന് അവസരമുണ്ടാകും. ഭാവിയിൽ ഗവേഷണത്തിനും ജോലിക്കും അവസ രമൊരുക്കുന്നതിനായി അവസാന സെമസ്റ്ററിൽ രാജ്യത്തെയോ വിദേശത്തെയോ പ്രമുഖ ഗവേഷണ സ്ഥാപനങ്ങളിൽ ആറു മാസത്തെ പ്രോജക്ടും ഉണ്ടാകും.

മാത്തമാറ്റിക്സ് ഉൾപ്പെടെ രണ്ട് സബ്സിഡിയറി വിഷയങ്ങളടങ്ങിയ ബി.എസ്സി ഫിസിക്സ്, ബി.എസ്സി കെമിസ്ട്രി കോഴ്സുകൾ പാർട്ട് മൂന്നിന് 55 ശതമാനത്തിൽ കുറയാത്ത മാർക്കോടെ വിജയിച്ചവരെയാണ് യഥാക്രമം എം.എസ്സി ഫിസിക്സ് എം.എസ്സി കെമിസ്ട്രി കോഴ്സുകൾക്ക് പരിഗണിക്കുന്നത്.

കോഴ്സ് കാലയളവിൽ വിദ്യാർഥികൾക്ക് രണ്ട് സർവകലാശാലകളിലും തുല്യ കാലയളവ് ചിലവഴിക്കാം. ആദ്യ സെമസ്റ്ററിൽ പേരന്റ് യൂണിവേഴ്സിറ്റിയിൽ ക്ലാസുകളിൽ പങ്കെടുക്കാം. ജോയിന്റ് ഓൺലൈൻ ക്ലാസുകൾ ഉൾപ്പെടുന്ന ഹൈബ്രിഡ് മോഡിലായിരിക്കും ക്ലാസുകൾ. രണ്ടാം സെമസ്റ്റർ ക്ലാസ് കണ്ണൂർ സർവകലാശാലയിലും മൂന്നാം സെമസ്റ്റർ എം.ജി സർവകലാശാലയിലുമായിരിക്കും.

രണ്ടു കോഴ്സുകളും എം.ജി, കണ്ണൂർ സർവകലാശാലകളുടെ റെഗുലർ എം.എസ്സി കോഴ്സുകൾക്ക് തുല്യമായിരിക്കും. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് പേരന്റ് യൂണിവേഴ്സിറ്റിയിൽനിന്നാണ് സർട്ടിഫിക്കറ്റ് ലഭിക്കുക. www.epay.mgu.ac.in എന്ന ലിങ്കിൽ ആപ്ലിക്കേഷൻ ഫീസ് അടച്ച് https://forms.gle/JYksNtK9Qi2N2f7A8 എന്ന ഗൂഗിൾ ഫോം ലിങ്ക് മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

പൊതു വിഭാഗത്തിൽ പെടുന്ന വിദ്യാർഥികൾക്ക് 500 രൂപയും പട്ടിക ജാതി, പട്ടികവർഗ വിഭാഗക്കാർക്ക് 250 രൂപയുമാണ് അപേക്ഷാ ഫീസ്.

കൂടുതൽ വിവരങ്ങൾക്ക് 9446866088, 8185998052 എന്നീ ഫോൺ നമ്പരുകളിലും nnsst@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലും ബന്ധപ്പെടാം.

(പി.ആർ.ഒ/39/634/2023)

## ജെ.ആർ.എഫ്; അപേക്ഷാ സമയപരിധി നീട്ടി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ ഒരു പ്രോജക്ടിൽ ജൂണിയർ റിസർച്ച് ഫെലോയുടെ ഒഴിവിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി ജൂൺ 18 വരെ നീട്ടി.

എസ്.ഇ.ആർ.ബി യുടെ ധനസഹായത്തോടെയുള്ള പ്രോജക്ടിൻറെ കാലാവധി മൂന്നു വർഷത്തേക്കാണ്.

എൻ.ഇ.ടി അല്ലെങ്കിൽ ജി.എ.ടി.ഇ സ്കോറോടെ കെമിസ്ട്രിയിൽ ബിരുദാനന്തര ബിരുദമാണ് വിദ്യാഭ്യാസ യോഗ്യത. ഈ യോഗ്യതയുള്ളവരുടെ അഭാവത്തിൽ മികച്ച അക്കാദമിക പശ്ചാത്തലമുള്ളവരെയും പരിഗണിക്കും.

പ്രായപരിധി 28ൽ താഴെ. എസ്.ഇ.ആർ.ബി യുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി ആദ്യ രണ്ടു വർഷം പ്രതിമാസം 31000 രൂപയും തുടർന്ന് ഒരു വർഷം പ്രതിമാസം 35000 രൂപയും എച്ച്.ആർ.എ യും ആണ് ഫെലോഷിപ്പ്.

യോഗ്യരായവർ പൂർണമായ സി.വിയും അപേക്ഷയും അനുബന്ധ രേഖകളും ഒറ്റ പി.ഡി.എഫ് ഫയലാക്കി krishnankartha@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയക്കണം. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/635/2023)

## ഇൻറർവ്യൂ മാറ്റിവച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻറ് സ്പോർട്സ് സയൻസസ് ഹോസ്റ്റലിൽ കുക്ക്, സഹായി തസ്തികകളിൽ ഓരോ ഒഴിവിലേയ്ക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് ജൂൺ 16നു രാവിലെ 11ന് നടത്താൻ നിശ്ചയിച്ചിരുന്ന വാക്ക്-ഇൻ ഇൻറർവ്യു ജൂൺ 20ലേക്ക് മാറ്റി.

താല്പര്യമുള്ളവർ പ്രായം, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം 20ന് രാവിലെ 11ന് വകുപ്പ് ഓഫീസിൽ എത്തണം.

(പി.ആർ.ഒ/39/636/2023)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ എം.എസ്.സി ഫിഷറി ബയോളജി ആൻഡ് അക്വാകൾച്ചർ - ഫെബ്രുവരി 2023 (സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെന്ററി) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂൺ 17ന് നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/637/2023)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.കോം എൽ.എൽ.ബി - ഓഗസ്റ്റ് 2022 (ഓണേഴ്സ് - 2018,2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ ജൂൺ 24 വരെ ഫീസ് അടച്ച് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/638/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**